# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
ഫോൺ : 0471 2315156; ഫാക്സ്:0471 2315156;
ഇമെയിൽ: devaswomcommissionertdb@gmail.com

ദേവസ്വം കമ്മീഷണർ ഓഫീസ്

ആർ.ഒ.സി. 38/16/മിസ് എ — തിരുവനന്തപുരം, 15/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം :- 2016 - 17 ലെ തിരുവല്ല ഗ്രൂപ്പിനകത്തെ പൊതുസ്ഥലമാറ്റം- വാച്ചർ ലാവണത്തിലെ അപ്പീൽ അപേക്ഷകൾ സംബന്ധിച്ച്.

സൂചന : - തെള്ളിയൂർ ദേവസ്വം വാച്ചർ ശ്രീ.എസ്.ശിവപ്രസാദിന്റെ 08.06.2016 ലെ അപേക്ഷ.

പൊതുസ്ഥലംമാറ്റത്തിൽ ശ്രീ.എസ്.ശിവപ്രസാദിന്റെ ആദ്യ ചോയ്സായി മീന്തലക്കര ദേവസ്വമാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ 2010-13 കാലഘട്ടത്തിൽ ജോലി ചെയ്തിരുന്ന ആളിന് വീണ്ടും മീന്തലക്കര ദേവസ്വം അനുവദിച്ചിട്ടുള്ളതിനാൽ ടിയാന്റെ ആദ്യ ചോയ്സിൽ മാറ്റം നൽകണമെന്ന് അപേക്ഷയിൽ ബോധിപ്പിച്ചു.

ശ്രീ.ശിവപ്രസാദിന്റെ അപ്പീൽ പരിഗണിച്ച് മീന്തലക്കര ദേവസ്വത്തിൽ ജോലി നോക്കിയിട്ടില്ലാത്തിനാലും മീന്തലക്കര ദേവസ്വത്തിലേയ്ക്ക് മാറ്റിയും, മീന്തലക്കര നിയോഗിച്ചിരുന്ന ശ്രീ.ജി.സുരേഷ്കുമാറിനെ തെള്ളിയൂർ ദേവസ്വത്തിലേയ്ക്കും, ശ്രീ.കെ.ഗോപകുമാറിനെ കുരട്ടി ദേവസ്വത്തിലേയ്ക്കും, ശ്രീ.എം.വി.സുരേഷ്കുമാറിനെ കവിയൂരും നിയോഗിച്ച് ഉത്തരവാകുന്നു.

സ്ഥലംമാറ്റ ഉത്തരവ് 20.07.2016-ൽ പ്രാബല്യത്തിൽ വരുത്തേതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവല്ല.
2. ഇ.ഡി.പി. സെക്ഷൻ, ബോർഡാഫീസ്
3. ഫെയർ ആഫീസ് കോപ്പി.

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

7/3

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.40/16/മിസ്.സി. 

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 13/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- തിരുവല്ല ഗ്രൂപ്പിലെ തളി ജീവനക്കാരുടെ 2016-17 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- കുന്നന്താനം ദേവസ്വം തളി ശ്രീമതി. വി.ജി. അജിതകുമാരിയുടെ അപ്പീൽ അപേക്ഷ.

ശ്രീമതി. വി.ജി. അജിതകുമാരി പൊതു സ്ഥലം മാറ്റത്തിൽ പാലിയേക്കര, അഴിയിടത്തുചിറ എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നെന്നും എന്നാൽ ടിയാൾ ആവശ്യപ്പെടാത്ത ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയെന്നും ആകയാൽ ആനന്ദേശ്വരം ദേവസ്വത്തിലോ നിലവിൽ ജോലി നോക്കുന്ന കുന്നന്താനം ദേവസ്വത്തിലോ നൽകണമെന്നാണ് അപ്പീലിലെ ആവശ്യം.

ടിയാൾ ആവശ്യപ്പെട്ടിരുന്ന ദേവസ്വങ്ങളിൽ ഒന്നാം ചോയിസായ പാലിയേക്കര സർവ്വീസ് സീനിയറായ ശ്രീമതി. ദീപയ്ക്കും, രണ്ടാം ചോയിസായ അനിരുദ്ധേശ്വരം സർവ്വീസ് സീനിയറായ ശ്രീമതി. ഡി. ഓമനയ്ക്കും, മൂന്നാം ചോയിസായ അഴിയിടത്തുചിറ സർവ്വീസ് സീനിയറായ ശ്രീമതി. കെ.കെ. ഓമനയ്ക്കും നൽകി യിട്ടുള്ളതിനാൽ ടിയാളുടെ അപ്പീൽ അപേക്ഷ നിരസിച്ചുത്തരവാകുന്നു. ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

**പകർപ്പ്:-**

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവല്ല.
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) EDP section

ശ്രീ.

നമ്പർ- 41/16/എസ്.

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം, 19/07/2016.

ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.

വിഷയം:- 2016-17 തിരുവല്ല ഗ്രൂപ്പിനുള്ളിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച്.
സൂചന:- ശാന്തിക്കാരുടെ അപ്പീൽ അപേക്ഷകൾ.

2016-17-ലെ തിരുവല്ല ഗ്രൂപ്പിനുള്ളിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റത്തിന്മേലുള്ള അപ്പീൽ അപേക്ഷകളിൽ ചുവടെ വിവരിക്കും പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണ്.

1. ശ്രീ.ഈശ്വരൻ പോറ്റി

തിരുവല്ല ഗ്രൂപ്പിൽ മരുതൂർക്കാവ് ദേവസ്വത്തിൽ മൂന്നു വർഷമായി ജോലി നോക്കിവരികയാണെന്നും, ഈ വർഷത്തെ പൊതു സ്ഥലം മാറ്റത്തിൽ ശാസ്താനട ദേവസ്വം ആവശ്യപ്പെട്ടുവെങ്കിലും, ലഭിച്ചിട്ടില്ലായെന്നും ആയതിനാൽ ടിയാൻ ഇപ്പോൾ ജോലി നോക്കുന്ന മരുതൂർക്കാവ് ദേവസ്വത്തിൽ തുടരണമെന്നുമാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്.

ശ്രീ.ഈശ്വരൻ പോറ്റി ആവശ്യപ്പെട്ട മൂന്ന് ചോയ്സുകളായ ശാസ്താനട, കവിയൂർ, മരുതൂർക്കാവ് എന്നീ ദേവസ്വങ്ങളിൽ ടിയാന്റെ സെക്കന്റ് ചോയ്സായ കവിയൂർ ദേവസ്വം നല്കിയിട്ടുള്ളതിനാൽ അപ്പീൽ നിരസിക്കുന്നു.

2. ശ്രീ.സി.കെ. നാരായണൻ നമ്പൂതിരി.

ആവശ്യപ്പെട്ട ദേവസ്വങ്ങൾ തൃക്കുരുട്ടി വിഷ്ണുനട, തൃക്കുരുട്ടി ശാസ്താനട, വിഷവർശ്ശേരിക്കര-എന്നീ ക്രമത്തിലാണ്, നാലു വർഷമായി തൃക്കുരുട്ടി ദേവസ്വത്തിൽ തുടരുകയാണെന്നും, ആയതിനാൽ ടിയാനെ തൃക്കുരുട്ടി ദേവസ്വം വിഷ്ണുനട ശാന്തിയായോ, വിഷവർശ്ശേരിക്കര ദേവസ്വം ശാന്തിയായോ സ്ഥലംമാറ്റം വേണമെന്നാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്.

ശ്രീ.സി.കെ.നാരായണൻ നമ്പൂതിരിയുടെ അപ്പീൽ പരിഗണിച്ച് വിഷവർശ്ശേരിക്കര ദേവസ്വം ശാന്തിയായി സ്ഥലം മാറ്റി ഉത്തരവാകുന്നു.

വിഷവർശ്ശേരിക്കര ദേവസ്വത്തിലേയ്ക്ക് മാറ്റിയിട്ടുള്ള ശ്രീ.കെ.അനുവിനെ അന്തിമഹാകാളൻ ദേവസ്വത്തിലേയ്ക്കും സ്ഥലംമാറ്റി ഉത്തരവാകുന്നു.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ.

അംഗീകാരത്തോടെ,
Sreelatha
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്- 1.അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവല്ല.
2.സെക്ഷൻ ഫയൽ,
3. EDP സെക്ഷൻ